**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

---

വിഷയം:- ആവഡ- ജീവനക്കാര്യം- ശ്രീ.ബിജു.എൻ, ഡ്രൈവർ ഗ്രേഡ് II- കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, തൈക്കാട് - പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. 4/10/2025-ലെ **DHS/22782/2025-HT5** നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

2. ഡ്രൈവർ ഗ്രേഡ് 2 ശ്രീ.ബിജു.എൻ- ന്റെ 15/10/2025-ലെ വിശദീകരണം.

3. സർക്കാർ കത്ത് നം. ആ.വ.ഡ/22782/2025-HT5, തീയതി. 04.11.2025

**ഉത്തരവ് നം: DHS/22782/2025-HT5 തീയതി: 13-05-2026**

---

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിനു കീഴിലെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി

വെൽഫെയർ, തൈക്കാട് ൽ ഡ്രൈവർ ഗ്രേഡ്-**II** തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ.ബിജു.എൻ, **18.06.2008** മുതൽ തുടർച്ചയായി നാളിതുവരെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്നു.

ഇക്കാര്യം വിശദമായി പരിശോധിച്ചു. **15/1/2007**-ൽ സർവീസിൽ പ്രവേശിച്ച ശ്രീ.ബിജു.എൻ പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലയളവിനുള്ളിൽ അനധികൃതമായി സർവ്വീസിൽ ഹാജരാകാതിരുന്ന ടിയാനെ **1958** ലെ കേരള സ്റ്റേറ്റ് **&** സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ **Rule 19 (a) (ii)** ചട്ടങ്ങൾ പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താൽകാലികമായി തീരുമാനിച്ച് പരാമർശം **(1)** പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് സമർപ്പിച്ച പരാമർശം **(2)** പ്രകാരമുള്ള മറുപടിയിൽ തനിക്കും ഒരു സുഹൃത്തിനും **2009** വർഷത്തിൽ ഒരു ബൈക്ക് അപകടം സംഭവിച്ചു എന്നും, സുഹൃത്ത് മരണപ്പെട്ടു എന്നും തന്റെ മാനസിക നില തകർന്നതിനാലും, ശാരീരിക അവശത വന്നതിനാലുമാണ് താൻ സർവീസിൽ നിന്നും വിട്ടു നിന്നതെന്നും അതിനാൽ തന്നെ സർവീസിൽ തിരികെ പ്രവേശിപ്പിക്കണം എന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ മറുപടി വിശദമായി പരിശോധിച്ചു. **18.06.2008** മുതൽ തുടർച്ചയായി സർവീസിൽ ഹാജരാകാതിരിക്കുന്നതിനു കാരണം **2009** വർഷത്തിൽ നടന്ന ബൈക്ക് അപകടം ആണെന്ന വാദം വിശ്വസനീയമേയല്ല. ടിയാൻ നൽകിയ മറുപടി തൃപ്തികരമല്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യ സേവന വകുപ്പാണ്. ജീവനക്കാർ തന്നിഷ്ട പ്രകാരം ഹാജരാകാതിരിക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. ശ്രീ.ബിജു.എൻ-ന്റെ **work and conduct** തൃപ്തികരമല്ല.

മേൽ സാഹചര്യത്തിൽ **1958** ലെ കേരള സ്റ്റേറ്റ് **&**

സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡ്രൈവർ ഗ്രേഡ് -II ശ്രീ.ബിജു.എൻ- ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
M . Abul Kalam
Date: 13-05-2026
13:24:53

**Abul Kalam M**

**SENIOR ADMINSTRATIVE OFFICER**

സ്വീകർത്താവ്

1. ശ്രീ.ബിജു.എൻ,മാട്ടേൽ പുത്തൻ വീട്, കുണ്ടറ, കൊല്ലം

പകർപ്പ്

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
2. പ്രിൻസിപ്പാൾ
   കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, തൈക്കാട്
3. ഫയൽ / കരുതൽ ഫയൽ